**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3697</u>** **<u>02-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>യാത്രാ ബോട്ടുകൾക്ക് ദ്രവീകൃത പ്രകൃതി വാതകം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ദ്രവീകൃത പ്രകൃതി വാതകം പ്രയോജനപ്പെടുത്തി കുറഞ്ഞ ചെലവിൽ യാത്രാ ബോട്ടുകൾ സർവീസ് നടത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ജലഗതാഗത വകുപ്പിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന ഡീസൽ വാഹനങ്ങൾ പുതിയ പ്രകൃതി സൗഹൃദ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന എൻജിനുകളിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി എറണാകുളം മേഖലയിലെ ബോട്ടുകൾ പരീക്ഷണാടിസ്ഥാനത്തിൽ സി.എൻ.ജി യിലേക്ക് മാറ്റുന്നതിനും എറണാകുളം മേഖലയിൽ സി.എൻ.ജി ഡിസ്പെൻസിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ മെ.അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കിവരുന്നു. |
| (ബി) | സൗരോർജ്ജ ബോട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാന ജലഗതാഗത വകുപ്പ് നിർമ്മിച്ച ആദ്യത്തെ സോളാർ ബോട്ടായ 'ആദിത്യ' വിജയകരമായി സർവ്വീസ് നടത്തി വരുന്നു. 18 സോളാർ ബോട്ടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ലോഞ്ചിംഗ് പൂർത്തിയാക്കിയ സോളാർ ക്രൂയിസ് ബോട്ടിന്റെ സർവ്വീസ് ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ